# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26

## മാതൃക ചോദ്യപേപ്പർ

## മലയാളം - അടിസ്ഥാനപാഠാവലി

**ക്ലാസ്** – IX | **സമയം** : 1½ **മണിക്കൂർ**

**ആകെ സ്കോർ** : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 1 സ്കോർ വീതം**

**(4 x 1 = 4)**

**1.** "വണ്ടിക്ക് അടുത്തെത്തിയതും അർബാബ് എന്റെ ബാഗ് തട്ടിപ്പറിച്ച് വണ്ടിയുടെ പിറകിലെ തുറന്ന ഭാഗത്തേക്ക് ഒരേറുവച്ചുകൊടുത്തു."

(മണൽക്കൂനകൾക്കിടയിലൂടെ)

ഈ സന്ദർഭത്തിൽ പ്രകടമാവുന്ന അർബാബിന്റെ സ്വഭാവം എന്ത് ?

**A.** യാത്ര ചെയ്യാനുള്ള മടി
**B.** നജീബിനോടുള്ള കരുതൽ
**C.** സഹജീവിയോടുള്ള കരുണ
**D.** അന്യരോടുള്ള പരുക്കൻ പെരുമാറ്റം

**2.** ചുവടെ കൊടുത്തിട്ടുള്ളവയിൽ ശരിയായി വിഗ്രഹിച്ചെഴുതിയത് ഏത്?

**A.** അനുഭവപാഠങ്ങൾ - അനുഭവവും പാഠങ്ങളും
**B.** വിശ്വവിദ്യാലയം - വിശ്വത്താലുള്ള വിദ്യാലയം
**C.** ചുമർച്ചിത്രം - ചുമരിന്റെ ചിത്രം
**D.** അന്ധവിശ്വാസം - അന്ധമായ വിശ്വാസം

**3.** "പുല്ലുമേഞ്ഞ കുറേ കുടിലുകളുടെയും മാന്തോപ്പുകളുടെയും പുൽത്തകിടികളുടെയും മധ്യേ ഒരു വിശ്വവിദ്യാലയം."

(ശാന്തിനികേതനം)

ചുവടെ കൊടുത്തിട്ടുള്ളവയിൽ ശാന്തിനികേതനത്തിന് യോജിക്കാത്ത പരാമർശം ഏത് ?

**A.** പരിസ്ഥിതിസൗഹൃദമായ പഠനം
**B.** ലാളിത്യവും സ്വച്ഛതയും നിറഞ്ഞ അന്തരീക്ഷം
**C.** കൂറ്റൻ കെട്ടിടങ്ങളുള്ള കലാശാല
**D.** തൊഴിൽ പരിശീലനത്തിനുള്ള ഗ്രാമീണകലാകേന്ദ്രം

© State Assessment Cell - SCERT Kerala

4. "അപ്പൂപ്പൻതാടിയുടെ പറക്കത്തെ
വിനീതമായ ഒരു ശ്രമമായി കാണണം" (സ്മാരകം)

**കാര്യം** : പറക്കുന്നവയ്ക്കുള്ള വിശാലലോകത്തിന്റെ സാധ്യത അപ്പൂപ്പൻതാടിക്ക് ഇല്ല.

**കാരണം** : അപ്പൂപ്പൻതാടിക്ക് ചിറകുകൾ ഇല്ല.

**A.** കാര്യം തെറ്റ്, കാരണം ശരി
**B.** കാര്യം ശരി, കാരണം തെറ്റ്
**C.** കാര്യവും കാരണവും തെറ്റ്
**D.** കാര്യവും കാരണവും ശരി

**5 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.**
**3 സ്കോർ വീതം (2 x 3 = 6)**

5. ബംഗാളിലെ ഗ്രാമങ്ങളിൽ കേരളത്തിന്റെ പ്രകൃതിഭംഗി പ്രതിഫലിച്ചുകാണുന്നു.
(ശാന്തിനികേതനം)

എസ്. കെ. പൊറ്റക്കാട്ടിന്റെ ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന മൂന്ന് നിരീക്ഷണങ്ങൾ എഴുതുക.

6. (A) "ഈ യാത്ര എല്ലാ അർഥത്തിലും എനിക്കൊരു <u>ഹിമാലയൻയാത്രയായിരുന്നു."</u>

അടിവരയിട്ട പ്രയോഗം പാഠസന്ദർഭത്തിന് നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം?

**അല്ലെങ്കിൽ**

(B) "ഇളംകാറ്റിൽ തൂവലുകൾ മണ്ണിലേക്ക്...
പറവയുടെ വഴികൾ തെളിയുന്നു."

പറവയുടെ യാത്രയെക്കുറിച്ച് ഈ വാക്യത്തിൽനിന്നും വ്യക്തമാവുന്നത് എന്തെല്ലാം? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**7 മുതൽ 10 വരെ ചോദ്യങ്ങൾക്ക് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക.**
**4 സ്കോർ വീതം (4 x 4 = 16)**

7. "അപ്പോൾ പ്രകാശം പൂർണ്ണമായി ഇല്ലാതായിക്കഴിഞ്ഞിരുന്നു. പിന്നെ അന്ധകാരം മാത്രം. പൊടിപടലം പറത്തിക്കൊണ്ട് ആ വാഹനം മണൽക്കൂനകൾക്കിടയിലൂടെ ഓടിക്കൊണ്ടേയിരുന്നു."

ഈ സന്ദർഭം നജീബിന്റെ ജീവിതഗതിയെ സൂചിപ്പിക്കുന്നതെങ്ങനെ? വിലയിരുത്തുക.

8. "എനിക്ക് ഒന്നും അറിയില്ല എന്ന തിരിച്ചറിവാണ് ഏറ്റവും വലിയ ജ്ഞാനം" -
(സോക്രട്ടീസ്)

"അറിവില്ലായ്മയുടെ ഭാരക്കുറവിൽ
അതു പറക്കുന്നു."
(സ്മാരകം)

© State Assessment Cell - SCERT Kerala

സോക്രട്ടീസിന്റെ കാഴ്ചപ്പാടും അപ്പൂപ്പൻതാടിയുടെ യാത്രയും നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിക്കുക.

**9.** "ശാന്തിനികേതനത്തിന് അതിർത്തിനിർണ്ണയം ചെയ്യുന്ന ഭിത്തികൾപോലുമില്ല." ടാഗോറിന്റെ വിദ്യാഭ്യാസകാഴ്ചപ്പാടാണോ ഈ വാക്യത്തിൽ തെളിയുന്നത്? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

**10. (A)** "മറ്റൊരാളാവാൻ ഇത്രയൊക്കെ പോരേ? ഒക്കെ പ്രായോഗിക ജീവിതപാഠങ്ങൾ."

(കാടുകളുടെ താളം തേടി)

i) യാത്രാനുഭവങ്ങൾ എങ്ങനെയാണ് ഒരാളെ മറ്റൊരാളാക്കിത്തീർക്കുന്നത് ?

ii) ദേശസഞ്ചാരങ്ങൾ ജീവിതവഴികൾക്ക് തെളിച്ചം നൽകുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

**അല്ലെങ്കിൽ**

**(B)** "മേലെ ആകാശത്ത് നക്ഷത്രങ്ങൾ അവയുടെ വെളിച്ചം ഒളിപ്പിച്ച് ഉറക്കമായിക്കഴി ഞ്ഞിരുന്നു. വെറുതെ ആ കറുത്ത ആകാശശൂന്യതയിലേക്ക് കണ്ണുമിഴിച്ച് ഞാൻ കിടന്നു."

(മണൽക്കൂനകൾക്കിടയിലൂടെ)

i) നക്ഷത്രങ്ങൾ വെളിച്ചം ഒളിപ്പിച്ച് ഉറക്കമായി എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത്?

ii) ഭാവിയെക്കുറിച്ചുള്ള നജീബിന്റെ ആശങ്കയും ഭീതിയും സൂചിപ്പിക്കുന്ന വാക്യമേത് ? അതിന്റെ ഔചിത്യമെന്ത്?

**താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**7 സ്കോർ (1 x 7 = 7)**

**11. (A)** "ശാന്തിനികേതനത്തിലേക്ക് പോകുന്ന മൂന്നുമൈൽ നീളത്തിലുള്ള പാത മുന്നിൽ കാണുന്നു. കാളവണ്ടിച്ചക്രങ്ങളുടെ പാടുകൾ പതിഞ്ഞു കുഴിഞ്ഞും ചേടിമണ്ണ് മൂടിയും കിടക്കുന്ന ജരാനരബാധിച്ച ആ പടുകിഴവൻ പാത, പാടങ്ങളുടെ നടുവിലൂടെ അങ്ങനെ വളഞ്ഞുപോകുന്നു."

(ശാന്തിനികേതനം)

കാഴ്ചകളെ വാങ്മയചിത്രങ്ങളാക്കി മാറ്റുന്നവയാണല്ലോ യാത്രാവിവരണങ്ങൾ. ഇതുപോലെ നിങ്ങളുടെ ഏതെങ്കിലും യാത്രാനുഭവം അടിസ്ഥാനമാക്കി മനോഹരമായ വിവരണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** താഴെ കൊടുത്തിരിക്കുന്ന സൂചനകളും പാഠഭാഗത്തെ ഇതര സന്ദർഭങ്ങളും പരിഗണിച്ച് നജീബ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

i) ഗൾഫിന്റെ വീഥികളിലൂടെയുള്ള എന്റെ ആദ്യയാത്ര.

ii) ങാ, എങ്ങനെയെങ്കിലും ഞെക്കിഞെരുക്കിയിരിക്കാം.

iii) അദ്ദേഹത്തിന്റെ കൈയിൽ എന്റെ ജീവിതം സുരക്ഷിതവും ശോഭനവുമാണ്.

© State Assessment Cell - SCERT Kerala

12. തന്നിരിക്കുന്ന ഖണ്ഡിക വായിച്ചു താഴെകൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 7 സ്കോർ

"എന്താണ് വിക്ടോറിയാ ജലപാതം? അംഗോളയുടെ മലകളിൽനിന്ന് കാടിറങ്ങി വരുന്ന സാംബസിനദി അനവധി പോഷകനദികളുടെ ജലത്താൽ പെരുകി, സാംബിയയുടെ സമതലങ്ങളിൽ അതിവിശാലമായ പ്രവാഹമായി പരന്നൊഴുകി, തെക്ക് സിംബാബ്‌വേയുടെ അതിർത്തിയിൽവച്ച്, ഏതാണ്ട് 350 അടി താഴ്ചയും ഒന്നേമുക്കാൽ കിലോമീറ്റർ വീതിയുമുള്ള ഒരു പാറപ്പിളർപ്പിലേക്ക്, ഭൂമി കുലുക്കിക്കൊണ്ടും ഗർജിച്ചുകൊണ്ടും ഭൂമുഖത്തെ ഏറ്റവും വലിയ, വീഴുന്ന ജലപാളി വിടർത്തിക്കാണിച്ച് നമ്മെ നടുക്കിക്കൊണ്ടും സ്വയം ചൊരിയുന്ന അവിശ്വസനീയമായ കാഴ്ചയാണ് വിക്ടോറിയാ വെള്ളച്ചാട്ടം. മത്സ്യങ്ങളെയും മുതലകളെയും തോണികളെയുമേന്തിയും മേഘങ്ങളെയും പക്ഷികളെയും സൂര്യനെയും നക്ഷത്രങ്ങളെയും നിഴലിപ്പിച്ചും വിശാലമായി ഒഴുകിവന്ന മഹാനദി, ഒരു നിമിഷംകൊണ്ട് തകിടംമറിഞ്ഞ് താഴത്തെ കരിമ്പാറകളിൽ പുകഞ്ഞുകൊണ്ട് കുത്തനെ കുതിച്ചുയരുന്ന ഒരു ധവളഭിത്തിയായി മാറുന്നു. തിരശ്ചീനമായി പ്രവഹിച്ച നദി ലംബമായിത്തീരുന്നു. കരയിൽനിന്നു കരയിലേക്കു പടർന്നുകിടന്ന നീല ജലപ്പരപ്പ് ഒറ്റ നിമിഷത്തിൽ ഇടിമുഴക്കത്തോടെ അഗാധതയിൽ പാറക്കെട്ടുകളിൽ നിന്ന് പൊങ്ങുന്ന പുകമഞ്ഞിൻകോട്ടയായിത്തീരുന്നു. വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിന്റെ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു. ജലകണികകളുടെ ഈ പറക്കുന്ന ശീലയുടെ വമ്പിച്ച വിസ്തൃതിയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു. വെള്ളച്ചാട്ടം വായുവിൽ തങ്ങിനിൽക്കുന്ന മരീചികയല്ല എന്ന് നമുക്ക് മനസ്സിലാകുന്നത് അടിയിലെ കറുത്ത ആഗ്നേയശിലകളിൽ മുപ്പത്തിമൂന്നുകോടി എഴുപത്തഞ്ചു ലക്ഷം ലിറ്റർ ജലം ഒരു മിനിറ്റിൽ അടിച്ചുതകർന്ന് ക്ഷുഭിതവ്യാളങ്ങളെപ്പോലെ വഴിപിരിഞ്ഞ് പാറയിടുക്കുകളിൽ പതഞ്ഞുപുളയുന്നതു കാണുമ്പോഴാണ്."

i) വെളുത്ത ഭിത്തി എന്ന അർഥത്തിൽ ഉപയോഗിച്ചിരിക്കുന്ന പദമേത് ? (1 സ്കോർ)

ii) ജലധൂളികളുടെ തിരശ്ശീല എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത് ? (2 സ്കോർ)

iii) കാഴ്ചയുടെ അനുഭൂതി ലേഖകൻ വായനക്കാർക്ക് പകർന്നു നൽകുന്നത് എങ്ങനെ? (2 സ്കോർ)

iv) വിക്ടോറിയ വെള്ളച്ചാട്ടം അവിശ്വസനീയമായ കാഴ്ചയായി മാറുന്നതെങ്ങനെ? (2 സ്കോർ)

© State Assessment Cell - SCERT Kerala